## പരിസ്ഥിതി സംരക്ഷണം

246 (1951) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാരിസ്ഥിതികാവബോധം പൊതുജനങ്ങളിൽ വളർത്തുന്നതിനായി പരിസ്ഥിതി വകുപ്പ് കൈക്കൊണ്ട നടപടികൾ വിശദീകരിക്കാമോ ;

(ബി) പരിസ്ഥിതി വകുപ്പിന്റെ അനുമതിക്കായി എന്തെല്ലാം വൻകിട പദ്ധതികളുടെ അപേക്ഷകളാണ് പരിഗണനയ്ക്കായുള്ളത് ; വിശദാംശം ലഭ്യമാക്കാമോ ;

(സി) ആയത് സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) കോളേജുകളിൽ പരിസ്ഥിതി ക്ലബ്ബുകൾ സ്ഥാപിച്ച് വിദ്യാർത്ഥികളിൽ പാരിസ്ഥിതിക അവബോധവും പരിസ്ഥിതി സംരക്ഷണത്തിനുള്ള ജാഗ്രതയും വളർത്തുന്നതിന് ഭൂമിത്ര സേന എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കേരളത്തിലെ വിവിധ കോളേജുകളിലായി ഇന്ന് 286 ഭൂമിത്ര സേന ക്ലബ്ബുകൾ നിലവിലുണ്ട്. പരിസ്ഥിതി വിദ്യാഭ്യാസവും ബോധവൽക്കരണവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനതലത്തിൽ പാരിസ്ഥിതികം എന്ന പരിസ്ഥിതി ബോധവൽക്കരണ പരിപാടി 2012-13 സാമ്പത്തിക വർഷത്തിൽ ആരംഭിച്ചു. കേരളത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ സർക്കാരിതര സംഘടനകൾ എന്നിവയെ ലക്ഷ്യമാക്കിയാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) വൻകിട പദ്ധതിക്ക് അനുമതി നൽകുന്നത് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയമാണ്. 2006-ലെ പാരിസ്ഥിതിക ആഘാത നിർണ്ണയ വിജ്ഞാപന പ്രകാരം 'ബി' കാറ്റഗറിയിൽ ഉൾപ്പെടുത്തപ്പെട്ടിരിക്കുന്ന പദ്ധതികൾക്കും പ്രവർത്തനങ്ങൾക്കും മുൻകൂർ പാരിസ്ഥിതിക അനുമതി നൽകുന്നത് കേന്ദ്ര സർക്കാർ വിജ്ഞാപന പ്രകാരം സ്ഥാപിതമായ സംസ്ഥാന പാരിസ്ഥിതിക ആഘാത നിർണ്ണയ അതോറിറ്റി (SEIAA) ആണ്.

(സി) 'ബി' കാറ്റഗറിയിൽ ഉൾപ്പെടുന്ന പദ്ധതികൾക്ക് സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ സംസ്ഥാന പാരിസ്ഥിതിക ആഘാത നിർണ്ണയ അതോറിറ്റി കേന്ദ്ര വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. ഇത്തരം കാര്യങ്ങൾ പൂർണ്ണമായും അതോറിറ്റിയുടെ അധികാരപരിധിയിൽ വരുന്ന കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly